## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4633** **23.07.2015-ൽ മറുപടിയ്ക്ക്**

# കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം, 29.591 കി.മീ. എൽ.റ്റി ലൈൻ നിർമ്മിച്ച് 1224 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.<br>(2) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി 77.835 കി.മീറ്റർ 11 കെ.വി ലൈനും, 65.37 കി.മീ. എൽ.റ്റി ലൈനും നിർമ്മിച്ച് 113 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>പുത്തൂർ 33 കെ.വി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ 5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി 77.835 കി.മീ. 11 കെ.വി ലൈനും 65.37 കി.മീ. എൽ.റ്റി ലൈനും 113 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.<br>മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി, വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി 10.92 കി.മീറ്റർ 11 കെ.വി ലൈൻ നിർമ്മാണം, 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഒരു ട്രാൻസ്ഫോർമർ 100 കെ.വി.എ യിൽ നിന്നും 160 കെ.വി.എ ആയി ഉയർത്തൽ, 9.82 കി.മീ. എൽ.റ്റി സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനായി മാറ്റുക, 40 കി.മീ. ലൈനുകളുടെ റീ-കണ്ടക്റ്ററിംഗ് തുടങ്ങിയ പ്രവൃത്തികൾക്കായിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.